"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കൊല്ലം പാവുമ്പ പി.ജി.എൻ.എം.യു.പി.സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ജഗദീഷ്കുമാർ ജെ. ഫയൽ ചെയ്ത 15786/2025 നമ്പർ റിട്ട് പെറ്റീഷനിൽ 11.04.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4669/2025/GEDN തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-
1. റിട്ട് ഹർജി നം.15786/2025 നമ്പർ റിട്ട് പെറ്റീഷനിൽ 11.04.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.06.2025 തീയതിയിലെ എഫ്(4)/10532/2025/ഡിജിഇ നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കൊല്ലം പാവുമ്പ പി.ജി.എൻ.എം.യു.പി.സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ജഗദീഷ്കുമാർ ജെ. ഫയൽ ചെയ്ത 15786/2025 നമ്പർ റിട്ട് പെറ്റീഷനിൽ 11.04.2025 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം, ഹർജ്ജിക്കാരന്റെ Ext.P2 റിവിഷൻ പെറ്റിഷൻ പരിശോധിച്ച്, ഹർജിക്കാരൻ, മാനേജർ, ബന്ധപ്പെട്ടവർ എന്നിവരെ നേരിൽ കേട്ട് വിധിപകർപ്പ് കിട്ടി നാല്പ മാസത്തിനുള്ളിൽ തീർപ്പാക്കുവാൻ ഒന്നാം എതിർ കക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 18.06.2025ൽ നേരിൽ കേൾക്കുകയുണ്ടായി

3. ഹർജിക്കാരന്റെ വാദങ്ങൾ ഇപ്രകാരമാണ്

പി.ജി.എൻ.എം.യു.പി. സ്കൂളിലെ റിട്ടയർമെന്റ് വേക്കൻസിയിൽ 01/06/2016 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിക്കപ്പെട്ടുവെങ്കിലും പുതുതായി ആരംഭിച്ച സ്കൂളുകളിൽ ഒരു സംരക്ഷിത അധ്യാപകനെ നിയമിക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല എന്ന കാരണത്താൽ വിദ്യാഭ്യാസ അധികാരികൾ നിയമന തീയതി മുതൽ 05/02/2021 വരെ നോഷണൽ ആയി മാത്രമാണ് അംഗീകരിച്ചത് എന്നും സംരക്ഷിതാധ്യാപകൻ നിയമിതനായ 06/02/2021 മുതലാണ് തനിക്ക് ശമ്പളാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചത് എന്നും റിവിഷൻ അപ്പീലിൽ പറയുന്നു.

നിയമന തീയതി മുതൽ ശമ്പളാടിസ്ഥാനത്തിൽ നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഫയൽ ചെയ്ത 32031/2024 നമ്പർ റിട്ട് പെറ്റിഷനിൽ ബഹു: ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പൊതുവിദ്യാഭ്യാസ ഡയറക്ടർ നേർക്കാഴ്ച നടത്തിയെങ്കിലും തന്റെ ആവശ്യം നിരസിച്ചുകൊണ്ടുള്ള ഉത്തരവാണ് പുറപ്പെടുവിച്ചതെന്നും ശ്രീ. ജഗദീഷ്കുമാർ ബോധിപ്പിക്കുന്നു.

കൂടാതെ കുടിക്കാഴ്ച വേളയിൽ താൻ സമർപ്പിച്ച സമാനമായ കേസിലെ GO(Rt)2794/2023-GEdn. dtd.8/5/2023 സർക്കാർ ഉത്തരവിൽ പെറ്റിഷണർക്ക് നൽകിയിട്ടുള്ള ആനുകൂല്യം തനിക്കും നൽകണമെന്ന ആവശ്യം പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിഗണിച്ചില്ല എന്നും പറയുന്നു.

തന്റെ കേസും GO(Rt)2794/2023-GEdn. dtd.08/05/2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് നിയമന തീയതിയായ 01/06/2016 മുതൽ ശമ്പളാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭ്യമാക്കണമെന്നതാണ് ശ്രീ. ജഗദീഷ്കുമാറിന്റെ ആവശ്യം.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

ശ്രീ.ജഗദീഷ് കുമാറിനെ 31/05/2016 ലെ വിരമിക്കൽ ഒഴിവിലാണ് 01/06/2016 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി നിയമിച്ചത്. ടി സ്കൂൾ പുതുതായി ആരംഭിച്ച സ്കൂളിന്റെ ഗണത്തിൽ ഉൾപ്പെട്ടതായതിനാൽ 06/02/2021ലെ സ.ഉ.(പി) 4/2021-ന്റെ അടിസ്ഥാനത്തിൽ നിയമന തീയതി മുതൽ 05/02/2021 വരെ നോഷണൽ ആയി അംഗീകരിച്ചു. ആയതിന് എതിരെയാണ് ടിയാൻ ഹർജി നൽകിയിട്ടുള്ളത് സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥ പ്രകാരം പുതുതായി ആരംഭിച്ച സ്കൂളുകളിൽ ഒരു സംരക്ഷിത അധ്യാപകനെ നിയമിക്കണം. 06/02/2021 തീയതിക്ക് മുൻപേ ഇത്തരം നിയമനം മാനേജർ നടത്തിയിട്ടില്ല. ആയതിനാൽ 06/02/2021 മുതൽ സാമ്പത്തിക ആനുകൂല്യത്തോടെയും 05/02/2021 വരെ നോഷണൽ ആയും അംഗീകാരം നൽകിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണ് എന്ന് നിരീക്ഷിച്ചുകൊണ്ട് ഹർജിക്കാരൻ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ച് ഉത്തരവ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത നിലപാടിൽ മാറ്റം വരുത്തേണ്ട സാഹചര്യം ഇല്ല എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. ജഗദീഷ് കുമാറിനെ 31/05/2016 ലെ വിരമിക്കൽ ഒഴിവിലാണ് 01/06/2016 മുതൽ ഒ.എ ആയി നിയമിച്ചത്. 06/02/2021ലെ GO(P) 4/21 ന്റെ അടിസ്ഥാനത്തിൽ നിയമന തീയതി മുതൽ 05/02/2021 വരെ നോഷണൽ ആയി അംഗീകരിച്ചു. ആയതിന് എതിരെയാണ് ടിയാൻ ഹർജി നൽകിയിട്ടുള്ളത്.ടി സ്കൂൾ പുതുതായി ആരംഭിച്ച സ്കൂളിന്റെ ഗണത്തിൽ ഉൾപ്പെട്ടതാണ്. സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥ പ്രകാരം പുതുതായി ആരംഭിച്ച സ്കൂളുകളിൽ ഒരു സംരക്ഷിത അധ്യാപകനെ നിയമിക്കണം. 06/02/2021 തീയതിക്ക് മുൻപേ ഇത്തരം നിയമനം മാനേജർ നടത്തിയിട്ടില്ല. ആയതിനാൽ 06/02/2021 മുതൽ സാമ്പത്തിക ആനുകൂല്യത്തോടെയും 05/02/2021 വരെ നോഷണൽ ആയും അംഗീകാരം നൽകിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണ്.

5. മേൽ സാഹചര്യത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമന തീയതിയായ 01/06/20216 മുതൽ ശമ്പളാടിസ്ഥാനത്തിലുള്ള അംഗീകാരം നൽകണമെന്ന ഹർജിക്കാരന്റെ ആവശ്യം നിരസിച്ച് അപ്രകാരം ശ്രീ.ജഗദീഷ്കുമാർ ജെ.ഫയൽ ചെയ്ത 15786/2025 നമ്പർ റിട്ട് പെറ്റീഷനിൽ ബഹു: ഹൈക്കോടതിയുടെ 11.04.2025ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ.ജഗദീഷ് കുമാർ ജെ., ഓഫീസ് അറ്റൻഡന്റ്, പി.ജി.എൻ.എം.യു.പി. സ്കൂൾ, പാവുമ്പ നോർത്ത്, പാവുമ്പ പി.ഒ., കരുനാഗപ്പള്ളി- 690 574
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കരുനാഗപ്പള്ളി
മാനേജർ, പി.ജി.എൻ.എം.യു.പി. സ്കൂൾ, പാവുമ്പ നോർത്ത്, പാവുമ്പ പി.ഒ., കരുനാഗപ്പള്ളി- 690 574
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 16-07-2025 11:07:25

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.